ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 25.07.2025**

## പ്രധാനവാർത്തകൾ

1. ദ്വിരാഷ്ട്ര പര്യടനത്തിന്റെ ഭാഗമായി മാൽദീവ്സിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഊഷ്മള സ്വീകരണം. പ്രസിഡന്റ് മുഹമ്മദ് മുയിസുവുമായി ഇന്ന് കൂടിക്കാഴ്ച.

2. വിവിധ വിഷയങ്ങളെച്ചൊല്ലി പാർലമെന്റിൽ ഇന്നും പ്രതിപക്ഷ ബഹളം. ലോക്സഭാ നടപടികൾ രണ്ടു മണി വരെ നിർത്തി വച്ചു; രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.

3. സൗമ്യ വധക്കേസിൽ ശിക്ഷയിൽ കഴിയവേ ഇന്ന് ജയിൽ ചാടിയ പ്രതി ഗോവിന്ദച്ചാമി പിടിയിൽ.

4. ഇന്ന് ലോക മുങ്ങി മരണ നിവാരണ ദിനം. മുങ്ങിമരണങ്ങൾ ഒഴിവാക്കാൻ ഒരുമിച്ചു നിൽക്കാം എന്ന സന്ദേശത്തിൽ സംസ്ഥാനത്തും വിവിധ പരിപാടികൾ.

5. സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ്. ഇന്ന് ആറ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത; കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

***************************

RNU TVPM

## പ്രധാനമന്ത്രി - മാൽദീവ്സ്

ദ്വിരാഷ്ട്ര പര്യടനത്തിന്റെ രണ്ടാം പാദത്തിൽ മാൽദീവ്സിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഊഷ്മള സ്വീകരണം. പ്രസിഡന്റ് മുഹമ്മദ് മുയിസുവുമായി അദ്ദേഹം ഇന്ന് കൂടിക്കാഴ്ച നടത്തും. ഇന്ത്യ - മാൽദീവ്സ് സമഗ്ര സാമ്പത്തിക സുരക്ഷാ സമുദ്ര പങ്കാളിത്തത്തിന്റെ പുരോഗതി ഇരുനേതാക്കളും അവലോകനം ചെയ്യും. മാൽദീവ്സിലെ മറ്റ് നേതാക്കളുമായും പ്രധാനമന്ത്രി വിവിധ ഉഭയകക്ഷി വിഷയങ്ങൾ ചർച്ച ചെയ്യും. മാൽദീവ്സിൻറെ 60-ാം സ്വാതന്ത്ര്യദിനാഘോഷ പരിപാടികളിൽ പ്രധാനമന്ത്രി വിശിഷ്ടാതിഥിയാകും.

*************************

## പാർലമെൻറ്

വിവിധ വിഷയങ്ങളെച്ചൊല്ലി പാർലമെന്റിൽ ഇന്നും പ്രതിപക്ഷ ബഹളം. പ്രതിഷേധം രൂക്ഷമായതോടെ ലോക്സഭ ഉച്ചയ്ക്ക് 2 മണി വരെ നിർത്തിവച്ചു. കാർഗിൽ വിജയ് ദിവസിന്റെ 26-ാം വാർഷികത്തോടനുബന്ധിച്ച് ധീര സൈനികർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു കൊണ്ടാണ് രാവിലെ ലോക്സഭ സമ്മേളനം ആരംഭിച്ചത്. അതേസമയം, പ്രതിഷേധത്തെ തുടർന്ന് 12 മണി വരെ നിർത്തി വച്ചിരുന്ന രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു. അതിനിടെ, ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള റിട്ടേണിംഗ് ഓഫീസറായി രാജ്യസഭാ സെക്രട്ടറി ജനറലിനെ തിരഞ്ഞെടുപ്പ് കമ്മീഷൻ നിയമിച്ചു.

PNUTVPM

*************************

## മൻ കീ ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 മണിക്ക്.

പരിപാടിയുടെ 124 -ാം പതിപ്പാണിത്. പരിപാടിയിലേക്ക് പൊതുജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

*************************

## ഗോവിന്ദച്ചാമിയെ പിടികൂടി

ജയിൽ ചാടിയ സൗമ്യ വധക്കേസ് പ്രതി ഗോവിന്ദച്ചാമിയെ പിടികൂടി. ഇന്ന് പുലർച്ചയാണ് ഇയാൾ അതീവ സുരക്ഷ മേഖലയായ കണ്ണൂർ സെൻട്രൽ ജയിലിൽ നിന്ന് രക്ഷപെട്ടത്. ഡോഗ് സ്ക്വാഡിന്റെ സഹായത്തോടെ പോലീസ് നടത്തിയ വ്യാപക പരിശോധനയിൽ എൽഐസി ഓഫീസിന് പിറകുവശത്തെ ഒഴിഞ്ഞ പ്രദേശത്തെ കിണറ്റിൽ നിന്നാണ് ഗോവിന്ദച്ചാമിയെ പിടികൂടിയത്.

*************************

## ജയിൽ ഡിജിപി

ജയിൽ ഡിജിപി ബൽറാം കുമാർ ഉപാധ്യായ ഇന്ന് കണ്ണൂർ സെൻട്രൽ ജയിൽ സന്ദർശിക്കാൻ ഇരിക്കെയാണ് ഗോവിന്ദച്ചാമി ജയിൽ ചാടിയത്. സംഭവം അറിഞ്ഞയുടൻ ഡിജിപി ജയിലിൽ എത്തി ജയിൽ ജീവനക്കാരോട് വിവരങ്ങൾ തേടി. സിറ്റി പോലീസ് കമ്മീഷണർ നിധിൻരാജ്, അസി. പോലീസ് കമ്മീഷണർ പ്രദീപൻ കണ്ണിപൊയിൽ, കണ്ണൂർ ടൗൺ, വളപട്ടണം സ്റ്റേഷനുകളിലെ ഇൻസ്പെക്ടർമാർ ഉൾപ്പെടെ രാവിലെ തന്നെ സ്ഥലത്തെത്തിയിരുന്നു.

*************************

RNU TVPM

## സുരക്ഷാ ബീമാ യോജന( ഇൻട്രോ )

പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജനയിൽ തങ്ങളുടെ എല്ലാ വിദ്യാർത്ഥികളെയും അംഗങ്ങളാക്കാനൊരുങ്ങുകയാണ് മലപ്പുറം ജില്ലയിലെ ആതവനാട് മർക്കസ് കോളേജ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ലേഖകൻ എം സ്മിതി.**

(വോയ്സ്)

*****************************

## മന്ത്രി V ശിവൻകുട്ടി-സ്കൂൾ

സ്കൂൾ സമയമാറ്റ വിഷയത്തിൽ വിവിധ സംഘടനകളുമായി മന്ത്രി V ശിവൻകുട്ടി വൈകിട്ട് ചർച്ച നടത്തും. മന്ത്രിയുടെ ചേമ്പറിലാണ് ചർച്ച. അതേസമയം, സമയമാറ്റത്തിൽ മതസംഘടനകളുടെ സമ്മർദ്ദത്തിന് വഴങ്ങിയാൽ ശക്തമായ പ്രതിഷേധമുണ്ടാകുമെന്ന് ബി ജെ പി സംസ്ഥാന ജനറൽ സെക്രട്ടറി എസ് സുരേഷ് തിരുവനന്തപുരത്ത് അറിയിച്ചു. സ്കൂളുകളിലെ പഠന സമയം തീരുമാനിക്കേണ്ടത് മത സംഘടനകളല്ലെന്നും അദ്ദേഹം വ്യക്തമാക്കി.

RNU TVPM

*****************************

## മുങ്ങി മരണ നിവാരണ ദിനം

ഇന്ന് ലോക മുങ്ങി മരണ നിവാരണ ദിനം. മുങ്ങി മരണങ്ങളുടെ എണ്ണം കുറക്കുന്നതിനും, ബോധവൽക്കരണം നൽകുന്നതിനും വേണ്ടിയാണ് ദിനാചരണം. 2021 മുതലാണ് ജൂലൈ 25 ലോക മുങ്ങിമരണ പ്രതിരോധ ദിനമായി ആചരിക്കാൻ യു.എൻ പൊതുസഭ തീരുമാനിച്ചത്. സംസ്ഥാനത്തും ദിനാചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

**************************

## മുങ്ങിമരണം - പരിപാടി

മുങ്ങിമരണങ്ങൾ ഒഴിവാക്കാൻ ഒരുമിച്ചു നിൽക്കാം എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജില്ലാ ഭരണകൂടം സംഘടിപ്പിച്ച - **"ജീവനം, ജീവനോട് ജാഗ്രതയുടെ യുദ്ധം"** എന്ന പരിപാടി ജില്ലാ കളക്ടർ അനുകുമാരി ഉദ്ഘാടനം ചെയ്തു. കുട്ടികളിലെ ഡിജിറ്റൽ മീഡിയയുടെ അമിത ഉപയോഗം നിയന്ത്രിക്കാൻ ശ്രമിക്കണമെന്ന് കളക്ടർ പറഞ്ഞു. ദിനാചരണത്തിന്റെ ഭാഗമായുള്ള പ്രതിജ്ഞ സബ് കളക്ടർ ആൽഫ്രഡ് ഒ.വി. വിദ്യാർത്ഥികൾക്ക് ചൊല്ലിക്കൊടുത്തു. തുടർന്ന് അഗ്നി രക്ഷാ സേനയുടെ നേതൃത്വത്തിൽ മുങ്ങിമരണ പ്രതിരോധ ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചു.

**************************

RNU TVPM

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

**************************

## മുണ്ടിനീര്

തിരുവനന്തപുരം ജില്ലയിൽ മുണ്ടിനീര് ബാധിക്കുന്നവരുടെ എണ്ണം വീണ്ടും ഉയരുന്നു. ആരോഗ്യ വകുപ്പിന്റെ കണക്ക് അനുസരിച്ച് ഈ മാസം 117 പേർക്കാണ് ജില്ലയിൽ മുണ്ടിനീര് സ്ഥിരീകരിച്ചത്. കുട്ടികളിലും യുവാക്കളിലുമാണ് ഏറ്റവും കൂടുതൽ രോഗ ബാധ. രോഗിയുമായുള്ള അടുത്ത സമ്പർക്കമാണ് മുണ്ടിനീര് പകരാൻ പ്രധാന കാരണം.

**************************

## ഗ്യാസ് ടാങ്കർ ലോറി

കാസർഗോഡ്, കാഞ്ഞങ്ങാട് നീലേശ്വരം ദേശീയ പാതയിൽ മറിഞ്ഞ 18 ടണ്ണോളം ഭാരമുള്ള കൂറ്റൻ ടാങ്കർ ലോറി ഉയർത്തിയെടുക്കാനുള്ള ശ്രമങ്ങൾ തുടരുന്നു. കണ്ണൂർ വളപട്ടണത്തിൽ നിന്ന് എത്തിയ ഖലാസികളാണ് ലോറി മാറ്റുന്നതിനുള്ള ജോലികൾ ചെയ്യുന്നത്. ഗ്യാസ് ലീക്ക് ഉണ്ടെന്ന മുന്നറിയിപ്പിനെ തുടർന്ന് സമീപത്തെ വീടുകളിലെ മുഴുവൻ ആളുകളെയും മാറ്റിയിട്ടുണ്ട്. കാഞ്ഞങ്ങാട് നഗരസഭയിലെ മൂന്ന് വാർഡുകളിൽ ഇന്ന് പ്രാദേശിക അവധി പ്രഖ്യാപിച്ചിരുന്നു.

*************************

## രാജ്ഭവൻ - പച്ചക്കറി (ഇൻട്രോ)

ഓണക്കാലം ലക്ഷ്യമാക്കി രാജ്ഭവൻ വളപ്പിൽ പച്ചക്കറി കൃഷി ആരംഭിച്ചു. രാജ്ഭവൻ ജനകീയമാക്കാനുള്ള പദ്ധതിയുടെ ഭാഗമായി നൃത്തം സംഗീതം, സാഹിത്യം, ചിത്രകല തുടങ്ങിയവയുടെ അവതരണത്തിനായി രാജ്ഭവനിലെ ഓഡിറ്റോറിയം വിട്ടുനൽകാനും ഗവർണർ തീരുമാനിച്ചു.

RNU TVPM

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്....**

**(വോയ്സ്)**

*************************

## മഴ-സംസ്ഥാനം

സംസ്ഥാനത്ത് ശക്തമായ മഴ തുടരും. ഇന്ന് 6 ജില്ലകളിൽ കേന്ദ്രകാലാവസ്ഥ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 28 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*************************

## നദികളിൽ ജാഗ്രത

കനത്ത മഴയെ തുടർന്ന് ജലനിരപ്പുയരുന്നതിനാൽ സംസ്ഥാനത്തെ വിവിധ നദികളിൽ പ്രളയ സാധ്യത മുന്നറിയിപ്പുകൾ നൽകി. പത്തനംതിട്ട ജില്ലയിലെ മണിമല, അച്ചൻകോവിൽ എന്നീ നദികളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരത്ത് വാമനപുരം, കൊല്ലം ജില്ലയിലെ പള്ളിക്കൽ, ആലപ്പുഴയിൽ അച്ചൻകോവിൽ, പത്തനംതിട്ട ജില്ലയിലെ പമ്പ, മണിമല, കാസർഗോഡ് ജില്ലയിലെ മൊഗ്രാൽ, ഉപ്പള എന്നിവിടങ്ങളിൽ മഞ്ഞ ജാഗ്രതയാണ്. ജനങ്ങൾ ജാഗ്രത പാലിക്കേണ്ടതാണ്.

*************************

## ക്രിക്കറ്റ്

മാഞ്ചസ്റ്റർ ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിന്റെ ഒന്നാം ഇന്നിംഗ്സ് ബാറ്റിംഗ് ഇന്ന് വൈകുന്നേരം 3.30ന് പുനരാരംഭിക്കും. ഇന്ത്യക്കെതിരെ ഒന്നാം ഇന്നിംഗ്സിൽ ഇംഗ്ലണ്ട് ഭേദപ്പെട്ട നിലയിലാണ്. രണ്ടാം ദിനം ബാറ്റിംഗ് അവസാനിപ്പിക്കുമ്പോൾ ഇംഗ്ലണ്ട് 2 വിക്കറ്റ് നഷ്ടത്തിൽ 225 റൺസെടുത്തിട്ടുണ്ട്. ഇന്ത്യയുടെ ആദ്യ ഇന്നിംഗ്സ് 358 റൺസിന് അവസാനിച്ചിരുന്നു.

RNU TVPM

*************************

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബേ ഓഹരി സൂചിക സെൻസെക്സ് **691** പോയിന്റ് താഴ്ന്ന് **81,510** ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 224 പോയിന്റ് ഇടിഞ്ഞ് **24,838** ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വില ഇന്നും കുറഞ്ഞു. പവന് 360 രൂപ കുറഞ്ഞ് **73,680** രൂപയും ഗ്രാമിന് **9,210** രൂപയുമാണ് ഇന്നത്തെ വില.

**************************

## രാജസ്ഥാൻ-സ്കൂൾ അപകടം

രാജസ്ഥാനിലെ ജലവാർ ജില്ലയിൽ സ്കൂൾ കെട്ടിടം തകർന്ന് അഞ്ച് വിദ്യാർത്ഥികൾ മരിച്ചു. 20 ലധികം പേർക്ക് പരിക്കേറ്റു. പിപ്ലോഡിയിലെ ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളിലാണ് സംഭവം. സംഭവത്തിൽ ദുഃഖം രേഖപ്പെടുത്തിയ മുഖ്യമന്ത്രി ഭജൻ ലാൽ ശർമ്മ പരിക്കേറ്റവർക്ക് മികച്ച ചികിത്സ ഉറപ്പാക്കാൻ നിർദ്ദേശം നൽകി. അപകടം സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്തുമെന്ന് വിദ്യാഭ്യാസ മന്ത്രി മദൻ ദിലാവർ പറഞ്ഞു.

**************************

## ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ

കേരളത്തിലെ തദ്ദേശ തിരഞ്ഞെടുപ്പിന് മുന്നോടിയായി ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ ആദ്യഘട്ട പരിശോധന ഇന്ന് മുതൽ ആഗസ്റ്റ് 25 വരെ നടക്കും. തിരുവനന്തപുരം ജില്ലയിൽ 4,711 കൺട്രോൾ യൂണിറ്റുകളും 11,973 ബാലറ്റ് യൂണിറ്റുകളുമാണ് പരിശോധിക്കുക. കണ്ണൂർ ജില്ലയിലെ വോട്ടിംഗ് യന്ത്രങ്ങളുടെ ആദ്യഘട്ട പരിശോധന ആഗസ്റ്റ് ഒന്ന് മുതൽ നടക്കും.

RNU TVPM

**************************

## മലപ്പുറം ജില്ലാ പഞ്ചായത്ത്

മലപ്പുറം ജില്ലാ പഞ്ചായത്ത് പുനഃക്രമീകരിച്ച് കരടുപട്ടിക പുറത്തിറങ്ങി. ഇതോടെ ഡിവിഷനുകളുടെ എണ്ണം 32 ൽ നിന്ന് 33 ആയി ഉയർന്നു. ഇതിനു പുറമേ 12 ഡിവിഷനുകളുടെയും പേരുകളും മാറിയിട്ടുണ്ട്. പട്ടിക സംബന്ധിച്ച പരാതികൾ ഇന്നും നാളെയുമായി അറിയിക്കേണ്ടതാണ്. പരാതി പരിശോധിച്ച ശേഷം അന്തിമപട്ടിക പ്രസിദ്ധീകരിക്കും.

*************************************************************************************